ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.02.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. മാവോയിസ്റ്റ് അക്രമത്തിനെതിരെ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടികളിലൂടെ ജനങ്ങളുടെ ആശങ്ക അവസാനിപ്പിക്കാൻ കഴിഞ്ഞതായി രാഷ്ട്രപതി ദ്രൗപതി മുർമു.

**central government's steps against Maoist violence have helped to end the concerns of the people: President Draupadi Murmu**

2. വിശ്വാസം ഇന്ത്യയുടെ ഏറ്റവും ശക്തമായ കറൻസിയായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി മലേഷ്യയിലെത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മള സ്വീകരണം.

**Prime Minister Narendra Modi sayst trust has become India's strongest currency. The Prime Minister, who arrived in Malaysia on a two-day official visit, was given a warm welcome.**

3. ഇന്ത്യൻ കയറ്റുമതികൾക്കുള്ള 50 ശതമാനം നികുതി 18 ശതമാനമായി കുറച്ച് ഇന്ത്യ-യുഎസ് ഇടക്കാല വ്യാപാര കരാർ. കരാർ നാഴികക്കല്ലെന്ന് പ്രധാനമന്ത്രി

**India-US interim trade agreement reduces 50 percent tax on Indian exports to 18 percent. The agreement is a milestone, The Prime Minister says.**

4. രാജ്യത്തെ ആദ്യ അവയവമാറ്റ ആശുപത്രിയ്ക്ക് കോഴിക്കോട് ചേവായൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിട്ടു.

**Chief Minister Pinarayi Vijayan laid the foundation stone of the country's first organ transplant hospital in Chevayur, Kozhikode.**

5. ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ സ്കോട്ടലൻഡിനെതിരെ വെസ്റ്റ് ഇൻഡീസിന് 35 റൺ ജയം. ഇന്ത്യ- അമേരിക്ക മൽസരം പുരോഗമിക്കുന്നു.

**West Indies beat Scotland by 35 runs in the Twenty20 World Cup. India-US match progresses**

❁❁❁❁❁❁❁❁❁❁❁❁❁

## PM-MALAYSIA(INTRO)

വിശ്വാസം ഇന്ത്യയുടെ ഏറ്റവും ശക്തമായ കറൻസിയായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. യുകെ, യുഎഇ,യൂറോപ്യൻ യൂണിയൻ യുഎസ്എ തുടങ്ങിയ രാജ്യങ്ങളെല്ലാം ഇന്ത്യയെ വിശ്വസ്ത പങ്കാളിയായാണ്

കാണുന്നതെന്നും അദ്ദേഹം പറഞ്ഞു. ക്വാലാലംപൂരിൽ ഇന്ത്യൻ സമൂഹം ഒരുക്കിയ സ്വീകരണ ചടങ്ങിൽ മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമൊത്ത് പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ വിജയം മലേഷ്യയുടെ വിജയമാണ്, അത് ഏഷ്യയുടെ വിജയമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

*(ഹോൾഡ് വോയിസ്)*

രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി മലേഷ്യൻ തലസ്ഥാനമായ ക്വാലാലംപൂരിൽ എത്തിയ പ്രധാനമന്ത്രിയെ വിമാനത്താവളത്തിൽ മലേഷ്യൻ പ്രധാനമന്ത്രി, മലേഷ്യൻ മാനവ വിഭവശേഷി മന്ത്രി രമണൻ രാമകൃഷ്ണൻ ഉൾപ്പെടെയുള്ളവർ ചേർന്ന് സ്വീകരിച്ചു.വിമാനത്താവളത്തിൽ നിന്ന് മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമും പ്രധാനമന്ത്രിയും ഒരേ കാറിലാണ് യാത്ര ചെയ്തത്. നാളെ നടക്കുന്ന ഉഭയകക്ഷി ചർച്ചകളിൽ വിവിധ ധാരണാപത്രങ്ങൾ ഇരു രാജ്യങ്ങളും ഒപ്പുവെയ്ക്കും.

**PREZ-CHHATTISGARH VISIT**

മാവോയിസ്റ്റ് അക്രമത്തിനെതിരെ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടികളിലൂടെ ജനങ്ങളുടെ ആശങ്ക അവസാനിപ്പിക്കാൻ കഴിഞ്ഞതായി രാഷ്ട്രപതി ദ്രൗപതി മുർമു. ഛത്തീസ്ഗഢ് സന്ദർശിക്കുന്ന രാഷ്ട്രപതി, ബസ്തറിലെ ജഗ്ദൽപൂരിൽ ബസ്തർ പാണ്ഡും ഉത്സവം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു. മാവോയിസവുമായി ബന്ധപ്പെട്ട നിരവധി ആളുകൾ അക്രമത്തിന്റെ പാത ഉപേക്ഷിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് മടങ്ങിവരികയാണ്. കീഴടങ്ങിയ മാവോയിസ്റ്റുകളുടെ പുനരധിവാസത്തിനായി കേന്ദ്ര സർക്കാർ നിരവധി വികസന, ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും ശ്രീമതി മുർമു പറഞ്ഞു.

## GOYAL-INDIA US PC(INTRO)

ഇന്ത്യ-യുഎസ് ഇടക്കാല വ്യാപാര കരാറിലൂടെ ഇന്ത്യൻ കയറ്റുമതികൾക്കുള്ള 50 ശതമാനം നികുതി ഇപ്പോൾ 18 ശതമാനമായി കുറച്ചതായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. ന്യൂഡൽഹിയിൽ ഇന്ത്യ-യുഎസ് സംയുക്ത പ്രസ്താവനയെക്കുറിച്ച് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചൈന, പാകിസ്ഥാൻ, ബംഗ്ലാദേശ്, വിയറ്റ്നാം തുടങ്ങിയ അയൽരാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ കുറഞ്ഞ നികുതി നിരക്കാണുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി.

*(ഹോൾഡ് വോയിസ്)*

രാജ്യത്തെ കാർഷിക-ക്ഷീര മേഖലകളെ സംരക്ഷിക്കുന്നതാണ് ഇന്ത്യ-യുഎസ് ഇടക്കാല വ്യാപാര കരാറെന്നും മന്ത്രി പറഞ്ഞു. സുഗന്ധവ്യഞ്ജനങ്ങൾ, ചായ, കാപ്പി, കശുവണ്ടി, ചെസ്റ്റ് നട്ട്, അവോക്കാഡോ, മാമ്പഴം, കിവി, പപ്പായ തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങൾക്ക് അമേരിക്കയിൽ ഇനി മുതൽ നികുതി ഉണ്ടാവില്ലെന്നും . രാജ്യത്തെ എല്ലാ മേഖലകളും ഈ വ്യാപാര കരാറിനെ സ്വാഗതം ചെയ്തിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## PM INDIA US

ഇന്ത്യയും യുഎസും തമ്മിലുള്ള ഇടക്കാല വ്യാപാര കരാർ ചട്ടക്കൂട് മഹത്തായ സംഭവമാണെന്നും രാജ്യങ്ങൾ തമ്മിലുള്ള ശക്തമായ ബന്ധത്തിനായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിനുള്ള പ്രതിബദ്ധതയ്ക്ക് നന്ദി അറിയിക്കുന്നതായും പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തെ കർഷകർ, സംരംഭകർ, എംഎസ്എംഇകൾ, നൂതന സ്റ്റാർട്ടപ്പുകൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവർക്ക് പുതിയ അവസരങ്ങൾ തുറന്ന് നൽകുന്നതിലൂടെ ഇത് 'മെയ്ക്ക് ഇൻ ഇന്ത്യ'യെ ശക്തിപ്പെടുത്തുമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## GADKARI,RAJNATH SINGH

ഭാരതവും അമേരിക്കയും തമ്മിലുള്ള തന്ത്രപരവും സാമ്പത്തികവുമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിൽ ഇടക്കാല വ്യാപാര കരാർ ചട്ടക്കൂട് സുപ്രധാന നാഴികക്കല്ലാണെന്ന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു.

ഇന്ത്യ-യുഎസ് ഇടക്കാല വ്യാപാര കരാർ ഇന്ത്യയുടെ സാമ്പത്തിക യാത്രയിലെ തന്ത്രപ്രധാനമായ നാഴികക്കല്ലാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് വിശേഷിപ്പിച്ചു. അമേരിക്കയുടെയും ഇന്ത്യയുടേയും ശക്തമായ ഭാവിയാണ് ഇടക്കാല വ്യാപാര കരാറിന് ആധാരമെന്ന് പെട്രോളിയം പ്രകൃതിവാതക മന്ത്രി ഹർദീപ് സിംഗ് പുരി പ്രതികരിച്ചു.

## PLASTINDIA

ലോകത്തിലെ ഏറ്റവും വലിയ പ്ലാസ്റ്റിക് പ്രദർശനങ്ങളിലൊന്നായ പ്ലാസ്റ്റിൻഡിയ 2026, ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വയംപര്യാപ്തമായ ഒരു വ്യാവസായിക അടിത്തറ കെട്ടിപ്പടുക്കുന്നതിലാണ് ആറ് ദിവസത്തെ പരിപാടി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. യുവാക്കൾക്കും, സ്റ്റാർട്ടപ്പുകൾക്കും

സുസ്ഥിര പ്ലാസ്റ്റിക് പരിഹാരങ്ങൾ പ്രദർശിപ്പിക്കുന്നതിന് ഇത് അവസരമൊരുക്കും. ഭാരത് നെക്സ്റ്റ് എന്നതാണ് ഈ വർഷത്തെ പ്രമേയം. ഭാരത് മണ്ഡപത്തിൽ നടക്കുന്ന പരിപാടി ഈ മാസം 10 ന് സമാപിക്കും.

## MURUGAN- UNION BUDGET

രാജ്യത്തിന്റെ ആഭ്യന്തരോൽപാദന വളർച്ച, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, യുവാക്കളുടെ ശാക്തീകരണം, തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് 2026-27 ലെ കേന്ദ്ര ബജറ്റെന്ന് കേന്ദ്രസഹമന്ത്രി എൽ. മുരുകൻ. പുതുച്ചേരിയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ബയോ-ഫാർമ ശക്തി പദ്ധതി ജനറിക് മരുന്നുകളുടെ ഉൽപാദനം വലിയതോതിൽ നടക്കുന്ന പുതുച്ചേരിക്ക് ഗുണം ചെയ്യുമെന്നും പറഞ്ഞു. കോസ്റ്റൽ കാർഗോ പ്രമോഷൻ സ്കീമിലൂടെ പുതുച്ചേരി ഉൾപ്പെടെയുള്ള തീരദേശ മേഖലകളിലെ കയറ്റുമതി സാധ്യതകൾ വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നതായും അദ്ദേഹം പറഞ്ഞു.

## UPSC- CALL CENTRE

ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട പിന്തുണയും മാർഗ്ഗനിർദ്ദേശവും നൽകുന്നതിനായുള്ള UPSC കോൾ സെന്ററിന്റെ പ്രവർത്തന സമയം നീട്ടി. 2026 ലെ സിവിൽ സർവീസസ് പരീക്ഷക്കും ഇന്ത്യൻ ഫോറസ്റ്റ് സർവീസ് പരീക്ഷയ്ക്കും അപേക്ഷാ ഫോമുകൾ സമർപ്പിക്കുന്ന അവസാന തീയതി വരെ ശനി, ഞായർ, അവധി ദിവസങ്ങൾ ഉൾപ്പെടെ എല്ലാ ദിവസങ്ങളിലും കോൾ സെന്റർ പ്രവർത്തിക്കുമെന്ന് UPSC അറിയിച്ചു. രാവിലെ 7 മുതൽ രാത്രി 9 വരെ രണ്ട് ഷിഫ്റ്റുകളിലായാണ് പ്രവർത്തനം.

## JP NADDA – CONVOCATION (INTRO)

രാജ്യത്തെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസുകളുടെ എണ്ണം ആറിൽ നിന്ന് 23 ആയി വർദ്ധിപ്പിച്ചതിലൂടെ ഇന്ത്യയിലെ ലോകോത്തര നിലവാരമുള്ള ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളുടെ ശക്തമായ ശൃംഖല സൃഷ്ടിക്കാൻ കഴിഞ്ഞതായി കേന്ദ്രമന്ത്രി ജെ.പി നഡ്ഡ. ഫരീദാബാദിലെ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ നടന്ന ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.മാതൃ-ശിശു ആരോഗ്യം, പകർച്ചവ്യാധി എന്നിവയുൾപ്പെടെ പ്രധാന ആരോഗ്യ സൂചകങ്ങളിൽ ഇന്ത്യ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

*(വോയിസ്)*

## ICC – T 20 CRICKET

ഐസിസി പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ-അമേരിക്ക മത്സരം മുംബയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ടോസ് നേടിയ അമേരിക്ക ഫീൽഡിങ് തിരഞ്ഞെടുത്തു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ

5 ഓവറിൽ 1 വിക്കറ്റ് നഷ്ടത്തിൽ 34 റൺ എന്ന നിലയിലാണ് അതേസമയം, കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ നടന്ന മത്സരത്തിൽ സ്കോട്ടലൻഡിനെതിരെ വെസ്റ്റ് ഇൻഡീസിന് 35 റൺ ജയം. ഉദ്ഘാടന മത്സരത്തിൽ പാകിസ്ഥാൻ നെതർലാൻഡ്സിനെ 3 വിക്കറ്റിന് പരാജയപ്പെടുത്തി.

## BCCI–REWARD U19 CRICKET

അണ്ടർ 19 പുരുഷ ക്രിക്കറ്റ് ലോകകപ്പ് ജേതാക്കളായ ഇന്ത്യൻ ടീമിനും സാങ്കേതിക ജീവനക്കാർക്കും സെലക്ഷൻ കമ്മിറ്റിക്കും ബിസിസിഐ 7.5 കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ചു. ഇന്നലെ സിംബാബെയിലെ ഹരാരെ സ്പോർട്സ് ക്ലബ്ബിൽ നടന്ന അണ്ടർ 19 പുരുഷ ക്രിക്കറ്റ് ലോകകപ്പ്

ഫൈനലിൽ ഇംഗ്ലണ്ടിനെ 100 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ തങ്ങളുടെ ആറാമത്തെ അണ്ടർ 19 ലോകകപ്പ് കിരീടം നേടിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## CM–KERALA

രാജ്യത്തെ ആദ്യ അവയവമാറ്റ ആശുപത്രിയ്ക്ക് കോഴിക്കോട് ചേവായൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിട്ടു. സംസ്ഥാനത്തെ ആരോഗ്യ രംഗത്തുണ്ടായ സമഗ്ര മാറ്റത്തിനുള്ള ഉദാഹരണമാണ് ഈ ആശുപത്രിയെന്ന് അദ്ദേഹം പറഞ്ഞു. പല കാര്യങ്ങളിലും കേരളം രാജ്യത്തിന് മാതൃകയാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ചേവായൂരിലെ ത്വക്ക് രോഗ ആശുപത്രിയുടെ 20 ഏക്കർ സ്ഥലത്താണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് നിർമിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## BHUPENDER YADAV

കടുവ സംരക്ഷണ നയം പരിഷ്കരിക്കേണ്ടത് അനിവാര്യമെന്ന് കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ്. ആൽവാറിൽ നടന്ന ടൈഗർ റിസർവുകളുടെ ഫീൽഡ് ഡയറക്ടർമാരുടെയും ചീഫ് വൈൽഡ് ലൈഫ്

വാർഡൻമാരുടെയും ദ്വിദിന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ കാലഘട്ടത്തിന്റെ വെല്ലുവിളികൾക്ക് അനുസൃതമായി പഴയ നയങ്ങൾ പരിഷ്കരേണ്ടത് അത്യാവശ്യമാണ്. ഈ മാസം അവസാനത്തോടെ ബോട്സ്വാനയിൽ നിന്നുള്ള പുതിയ ബാച്ച് ചീറ്റകൾ ഇന്ത്യയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം അറിയിച്ചു.